# കേരളത്തിലെ വൈദ്യുതിരംഗം വെല്ലുവിളികളും സാധ്യതകളും

ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറം

**സംസ്ഥാനത്തെ വൈദ്യുതിരംഗം കടുത്ത പ്രതിസന്ധി നേരിടുന്ന ഇന്നത്തെ സാഹചര്യത്തിലും വൈദ്യുതിയുടെ മേലുള്ള നമ്മളുടെ ആശ്രയം വർദ്ധിച്ചുവരികയാണല്ലോ? സംസ്ഥാനത്തെ വൈദ്യുതിരംഗത്തെക്കുറിച്ച് ഗൗരവമുള്ള ചർച്ചകൾ നടക്കേണ്ട സമയമായിരിക്കുന്നു. ഈ തുറന്ന ചർച്ചയിലേക്ക് നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുക.**

പ്രാഥമിക ഊർജ്ജ സ്രോതസ്സുകളേയും സംസ്കരിച്ച ഖനിഇന്ധനങ്ങളേയും പിന്നലാക്കിക്കൊണ്ട് ഊർജ്ജമേഖലയിൽ വൈദ്യുതിയുടെ സ്ഥാനം അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വൈവിധ്യമാർന്ന ഉപയോഗസാധ്യതകളും കൈകാര്യം ചെയ്യാനുള്ള സൗകര്യവും വൈദ്യുതിയുടെ ഏറ്റവും വലിയ ആകർഷണീയതകളാണ്. ശാസ്ത്രസാങ്കേതികരംഗത്തെ പുതിയ സാധ്യതകൾ മിക്കവാറും വൈദ്യുതിയെ ആശ്രയിക്കുന്നു എന്നതും വൈദ്യുതിയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

### കേരളത്തിലെ വൈദ്യുതിരംഗം ചരിത്രം

പള്ളിവാസൽ ജലവൈദ്യുതപദ്ധതി മുതലാണ് സംസാഥാനത്തെ വൈദ്യുതിയുടെ ചരിത്രം പരിശോധിക്കപ്പെടേണ്ടത്. (കൊച്ചിയിലും മറ്റു പ്രധാന കേന്ദ്രങ്ങളിലും പരിമിതമായ തോതിൽ വൈദ്യുതി വിതരണം ചെയ്യാനുള്ള സംവിധാനം അതിന് മുമ്പ് തന്നെ നിലവിലുണ്ടായിരുന്നെങ്കിലും അവയൊന്നും ഇന്നില്ല). 1940ലാണ് പള്ളിവാസലിലെ ആറു ജനറേറ്ററുകളിൽ ആദ്യത്തേത് സ്ഥാപിക്കപ്പെടുന്നത്. അവസാനത്തേത് 1951ലും. 1954, 55 വർഷങ്ങളിൽ ശെങ്കുളം പദ്ധതിയും 1957നും 1960നും ഇടയിൽ പെരിങ്ങൽക്കുത്ത് ഇടതുകര പദ്ധതിയും കമ്മീഷൻ ചെയ്തു.

1957 ഏപ്രിൽ ഒന്നിനാണ് സംസ്ഥാന വൈദ്യുതിബോർഡ് നിലവിൽ വരുന്നത്. 1960 കളിൽ നാല് ജലവൈദ്യുതപദ്ധതികൾ കൂടി സ്ഥാപിച്ചു. 1967ലാണ് സംസ്ഥാനത്തെ ഏറ്റവും വലിയ പദ്ധതിയായ ഇടുക്കിയുടെ ആദ്യഘട്ടം (130 മെഗാവാട്ടിന്റെ മൂന്നു ജനറേറ്റർ) കമ്മീഷൻ ചെയ്യുന്നത്. ഇതോടെ വൈദ്യുതിയുടെ മൊത്തം സ്ഥാപിതശേഷി 1000 മെഗാവാട്ട് കവിഞ്ഞു. 1970കളുടെ അവസാനമാണ് സൈലന്റ് വാലി സമരം തുടങ്ങുന്നത്. ഇതോടെ പുതിയ ജലവൈദ്യുതപദ്ധതി നിർദ്ദേശങ്ങൾ സമൂഹത്തിൽ നിശിതമായ



*ഇടുക്കി ആർച്ച് ഡാം*

വിലയിരുത്തപ്പെടലുകൾക്ക് വിധേയമാകുകയും പലതും ഉപേക്ഷിക്കപ്പെടുകയും ചെയ്തു. ഇടുക്കിക്ക് ശേഷം കമ്മീഷൻ ചെയ്ത വലിയ ജലവൈദ്യുതപദ്ധതികൾ ഇടമലയാറും (1987) ലോവർ പെരിയാറും (1977) മാത്രമാണ്. സംസ്ഥാനത്ത് മൊത്തം 771 മെഗാവാട്ട് ശേഷിയുള്ള അഞ്ച് താപവൈദ്യുതനിലയങ്ങളാണുള്ളത്. ഇവയെല്ലാം 1997നും 2002നും ഇടയിലാണ് കമ്മീഷൻ ചെയ്തത്. ഇതിനിടെ പെരിങ്ങോമിലും ഭൂതത്താൻകെട്ടിലും ആണവനിലയം സ്ഥാപിക്കാനുള്ള സാധ്യതകൾ ആരാഞ്ഞിരുന്നുവെങ്കിലും ശക്തമായ എതിർപ്പിനെത്തുടർന്ന് ഉപേക്ഷിക്കപ്പെട്ടു.

പാരമ്പര്യേതരവൈദ്യുതി ഉത്പാദനരംഗത്ത് സംസ്ഥാനം വളരെ പിന്നിലാണ്. 1995ൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് കാറ്റിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന രണ്ടു മെഗാവാട്ടിന്റെ നിലയം സ്ഥാപിച്ചുവെങ്കിലും പിന്നീട് നടപ്പുവർഷം മാത്രമാണ് പുതിയ കാറ്റാടി നിലയങ്ങൾ വരുന്നത്. 1996നും 2006നും ഇടയിൽ മൊത്തം 34 മെഗാവാട്ട് ശേഷിയുള്ള ഏഴു ചെറുകിട ജലവൈദ്യുതപദ്ധതികളും സ്ഥാപിച്ചു.

1994 മുതൽ വൈദ്യുതി ഉത്പാദന രംഗത്ത് സ്വകാര്യ സംരംഭകരും

പങ്കാളികളാണ്. പ്രസരണവിതരണരംഗത്ത് ഇന്നും സ്വകാര്യപങ്കാളിത്തമില്ല.

പ്രസരണവിതരണരംഗത്ത് ഏകദേശം 49,000 സർക്യൂട്ട് കിലോമീറ്റർ നീളത്തിൽ ഹൈടെൻഷൻ, എക്സ്ട്രാ ഹൈ ടെൻഷൻ, ലൈനുകളും 2,34,000 കിലോമീറ്റർ ലോടെൻഷൻ ലൈനുകളും 281 സബ്സ്റ്റേഷനുകളും നാല്പത്തീരായിരത്തോളം ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും ഉണ്ടെന്നാണ് വൈദ്യുതിബോർഡിന്റെ രേഖകൾ പറയുന്നത്. 1960–61ൽ 1.75 ലക്ഷവും 80–81ൽ 15.72 ലക്ഷവും 90–91ൽ 34.5 ലക്ഷവും 200–01ൽ 64.46 ലക്ഷവും ഉണ്ടായിരുന്ന ഉപഭോക്താക്കളുടെ എണ്ണം ഇന്ന് 93 ലക്ഷത്തോളമാണ്. ഇതിൽ ഏകദേശം 73 ലക്ഷം പേർ ഗാർഹിക ഉപഭോക്താക്കളും 14 ലക്ഷത്തോളം വാണിജ്യ ഉപഭോക്താക്കളുമാണ്.

2003ലെ ഇലക്ട്രിസിറ്റി ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി 2008 സെപ്റ്റംബർ 204 ന് 52–ാം വയസ്സിൽ സംസ്ഥാന വൈദ്യുതി ബോർഡ് ഇല്ലാതായി. നിലവിൽ ബോർഡിനെ സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. കമ്പനിവൽക്കരണത്തിനുള്ള നടപടികൾ പുരോഗമിക്കുന്നതായി സർക്കാർ പറയുന്നു.

**വൈദ്യുതി ലഭ്യത**

1980കളുടെ ആരംഭം വരെ വൈദ്യുതി ഉത്പാദനത്തിനനുസരിച്ച് ഡിമാന്റ് ഇല്ലാത്ത സ്ഥിതിയാണ് ഇവിടെ ഉണ്ടായിരുന്നത്. ഗാർഹികഉപഭോക്താക്കളെ കൂടുതൽ വൈദ്യുതി ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് അന്ന് വൈദ്യുതി ബോർഡിനുണ്ടായിരുന്നത്. സംസ്ഥാനം ആദ്യമായി കാര്യമായ വരൾച്ച നേരിട്ട 1982–83 വർഷത്തിൽത്തന്നെയാണ് ഇവിടെ വൈദ്യുതിക്ഷാമവും തുടങ്ങുന്നത്. തുടർന്നുള്ള 10 വർഷങ്ങളിൽ, മഴക്കുറവുള്ള വർഷങ്ങളിൽ വൈദ്യുതിക്ഷാമമുണ്ടായി. 1990കളുടെ ആരംഭത്തിൽ കഞ്ചിക്കോട്ട് പുതിയ ഇരുമ്പുരുക്ക് സ്ഥാപനങ്ങൾ തുടങ്ങിയതോടെ വൈദ്യുതിയുടെ ഉപഭോഗത്തിൽ പെട്ടെന്ന് വർദ്ധനവുണ്ടായി. ഇതോടെ 90കളുടെ മദ്ധ്യത്തിൽ രൂക്ഷമായ വൈദ്യുതി ക്ഷാമമുണ്ടായി. ഒമ്പതാം പഞ്ചവത്സരപദ്ധതിക്കാലത്ത് (1997–2002) താപനിലയങ്ങൾ ഉൾപ്പടെ 1100 മെഗാവാട്ടോളം സ്ഥാപിതശേഷിയിൽ വർദ്ധനവുണ്ടായി. ഇതിനിടെ രാമഗുണ്ടം, നെയ് വേലി, താൽച്ചർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് കേന്ദ്രവിഹിതമായി വൈദ്യുതി ലഭിച്ചുതുടങ്ങിയിരുന്നു. സ്ഥാപിതശേഷിയിൽ വലിയ വർദ്ധനവുണ്ടായെങ്കിലും 2001–02 മുതൽ മൂന്നു വർഷക്കാലം തുടർച്ചയായി മഴ കുറഞ്ഞതിനെത്തുടർന്ന് ജലവൈദ്യുതിയുടെ ഉത്പാദനത്തിൽ ഗണ്യമായ കുറവുണ്ടായതിനാൽ 2004 മെയ് അവസാനം വരെയും വൈദ്യുതിക്ഷാമം തുടർന്നു. അതിനുശേഷമുള്ള നാലു വർഷക്കാലം ഇവിടെയുള്ള താപനിലയങ്ങൾ കാര്യമായി പ്രവർത്തിപ്പിക്കാതെത്തന്നെ അന്യസംസ്ഥാനങ്ങൾക്ക് വലിയ അളവിൽ വൈദ്യുതി വിൽക്കുകയായിരുന്നു നമ്മൾ.

**നിലവിലുള്ള അവസ്ഥ**

2700മെഗാവാട്ടോളമാണ് സംസ്ഥാനത്തെ മൊത്തം സ്ഥാപിതശേഷി. കേന്ദ്രവിഹിതമായി 1041 മെഗാവാട്ട് കൂടി സംസ്ഥാനത്തിന് ലഭിക്കുന്നു. ഇവയിൽനിന്നെല്ലാം കൂടി 19,000 ദശലക്ഷം യൂണിറ്റോളം വൈദ്യുതി ശരാശരി പ്രതിവർഷം ഉത്പാദിപ്പിക്കാനാകും. (കായംകുളത്തെ 180 മെഗാവാട്ട് ഇപ്പോൾ തമിഴ്നാടിനുകൊടുക്കുന്നതിനാൽ നമുക്ക് ലഭ്യമല്ല). 2007–08 ലെ സംസ്ഥാനത്തെ വൈദ്യുതി ഡിമാന്റ് 15375 ദശലക്ഷം യൂണിറ്റായിരുന്നു. (ഇതിൽ 3300 ദശലക്ഷം യൂണിറ്റിലധികം പ്രസരണ വിതരണനഷ്ടവുമാണ്). ശരാശരി മഴ ലഭിക്കുകയും നമ്മുടെ നിലയങ്ങൾ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുകയും കേന്ദ്രവിഹിതം പൂർണ്ണമായി ലഭിക്കുകയും ചെയ്താൽ നമുക്കാവശ്യമായ വൈദ്യുതി ഇവിടെ ലഭ്യമാണ്.

*വർത്തമാനം* കെ.ബി. മധുസൂദനൻ

